പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 8, 2017

## ശ്രീ ഛത്രപതി അർബൻ സഹകരണ ബാങ്കിന് (പിമ്പിൾ നിലാഖ്, പൂനെ, മഹാരാഷ്ട്ര) നൽകിയ ലൈസൻസ് ഭാരതീയ റിസർവ്വ് ബാങ്ക് റദ്ദു ചെയ്യുന്നു

ഭാരതീയ റിസർവ് ബാങ്ക് ഛത്രപതി അർബൻ സഹകരണ ബാങ്കിന് (പിമ്പിൾ നിലാഖ്, പൂനെ, മഹാരാഷ്ട്ര) നൽകിയ ലൈസൻസ് റദ്ദു ചെയ്തിരിക്കുന്നു. 2017 ഫെബ്രുവരി 7 ന്റെ ഇടപാടുകൾ അവസാനിക്കുന്ന സമയം മുതൽ ഈ ഉത്തരവ് പ്രാബല്യത്തിലുണ്ടായിരിക്കും. ലിക്വിഡേറ്ററെ നിയമിക്കുവാനും ബാങ്കിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാനുമായി സഹകരണ സംഘം രജിസ്ട്രാർ (മഹാരാഷ്ട്ര) വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന്നിർദ്ദേശിച്ചിരിക്കുന്നു.

ബാങ്കിന്റെ ലൈസൻസ് ഭാരതീയ റിസർവ് ബാങ്ക് റദ്ദു ചെയ്യുവാനുള്ള കാരണങ്ങൾ :

- 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം വകുപ്പുകൾ 11(1), 18 ബാങ്ക് പാലിച്ചിട്ടില്ല.
- നിലവിലുള്ളതും ഭാവിയിലേയും നിക്ഷേപകരുടേയും പൊതുജനങ്ങളുടെയും താല്പര്യങ്ങൾക്ക് ദോഷകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ മുകളിൽ സൂചിപ്പിച്ച നിയമത്തിലെ 22(3) (a), 22(3) (b), 22(3) (c), 22(3) (d), 22(3) (e), 24 എന്നീ വകുപ്പുകളുടെ ലംഘനം.
- നിലവിലേയും ഭാവിയിലേയും നിക്ഷേപകരുടെ നിക്ഷേപങ്ങൾ കാലാവധി അവസാനിക്കുമ്പോൾ പൂർണ്ണമായി തിരികെ നല്കാനുള്ള കഴിവില്ലായ്മ.

- മടങ്ങിവരവിനും മെച്ചപ്പെടലിനും വിദൂരമായ സാദ്ധ്യത പോലുമില്ലാത്ത സാമ്പത്തിക സ്ഥിതി.
- ഈ സ്ഥാപനത്തെ ബാങ്കിംഗ് ഇടപാടുകൾ തുടർന്നും നടത്തുവാൻ അനുവദിക്കുന്നത് പൊതുജന താല്പര്യത്തിന് എതിരായിരിക്കും.

ലൈസൻസ് റദ്ദു ചെയ്തതോടു കൂടി ശ്രീ ഛത്രപതി അർബൻ സഹകരണ ബാങ്കിന്റെ (പിമ്പിൾ നിലാഖ്, പൂനെ, മഹാരാഷ്ട്ര) ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ വകുപ്പ് 5(b)യിൽ നിർവചിച്ചിരിക്കുന്ന ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നതിൽ നിന്നും ഈ സമയം മുതൽ നിരോധിച്ചിരിക്കുന്നു. ലൈസൻസ് റദ്ദു ചെയ്യുകയും ലികിഡേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്ത സ്ഥിതിക്ക് ഡെപ്പോസിറ്റ് ഇൻഷുറൻസ് & ക്രഡിറ്റ് ഗാരന്റി കോർപ്പറേഷന്റെ വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കിന്റെ നിക്ഷേപകർക്ക് നിക്ഷേപസംഖ്യ തിരികെ നൽകുവാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ലികിഡേഷൻ സമയത്ത് DICGCയുടെ സാധാരണ നടപടിക്രമങ്ങൾക്ക് വിധേയമായി എല്ലാ നിക്ഷേപകർക്കും തങ്ങളുടെ നിക്ഷേപം ഒരു ലക്ഷം രൂപയുടെ പരിധിക്കുള്ളിൽ ലഭിക്കുവാൻ അർഹരാണ്.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : **2016-2017/2133**